(സി) പ്രസ്തുത പെൻഷൻ ഇക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണ നിയമം

329(1708) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായി നിർമ്മിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2015-ൽ എത്ര പരാതികളാണ് ബന്ധപ്പെട്ട അധികാരികൾക്കു മുന്നിൽ ലഭിച്ചത്;

(സി) ഇതിൽ എത്ര പരാതികളിന്മേൽ തീർപ്പു കൽപ്പിച്ചു;

(ഡി) മറ്റു പെൻഷൻ ഒന്നും ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; സമഗ്രമായ ഒരു നയം ഇവരുടെ കാര്യത്തിൽ രൂപീകരിക്കുമോ?

ഉത്തരം

(എ) മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായി നിർമ്മിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2015-ൽ 1016 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) 845 പരാതികളിൽ തീർപ്പുകൽപ്പിച്ചു.

(ഡി) ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 60 വയസ്സ് കഴിഞ്ഞവർക്ക് (60-80) 600 രൂപയും 80 വയസ്സ് കഴിഞ്ഞവർക്ക് 1,200 രൂപയും പെൻഷൻ നൽകി വരുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടി സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയം 2013 പ്രാബല്യത്തിലുണ്ട്. മറ്റു പെൻഷൻ ഒന്നും ലഭിക്കാത്ത മുതിർന്ന പൗരന്മാർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly